**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487** **13-08-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായങ്ങളിൽ പെട്ടവരുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എ. സി. മൊയ്തീൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനത്തിനായി തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും പിന്നാക്ക വിഭാഗ വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (എ) | പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനത്തിനായി തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഓട്ടോമൊബൈൽ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ ഐ.ടി.ഐ/ ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയ ശേഷം പരിശീലനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി പൊതു - സ്വകാര്യ പങ്കാളിത്തതോടെ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നതിനായി 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ' എന്ന പദ്ധതിയും, തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയിൽ തൊഴിൽ ലഭ്യതയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന 3 ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1. മെഡിക്കൽ / എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/NET/JRF,GATE/MAT പരീക്ഷാ പരിശീലന ധനസഹായം. 2. ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ. 3. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം മുഖേന 15064 പേർക്കും കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി പ്രകാരം 726 പേർക്കും സഹായം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമുദായങ്ങളിൽപ്പെട്ട പ്രൊഫഷണലുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായം നൽകിവരുന്നുണ്ടോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ സ്വയം തൊഴിൽ വായ്പ അനുവദിച്ചുവരുന്നു. സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി പ്രകാരം 40 വയസ്സ് വരെ പ്രായപരിധി ഉള്ള പ്രൊഫഷണലുകളായ ബിരുദധാരികൾക്ക് 20 ലക്ഷം രൂപ വരെ വായ്പ ലഭ്യമാകും. വായ്പാ തുകയുടെ 20% (പരമാവധി 20 ലക്ഷം) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. |
| (സി) | സിവിൽ സർവ്വീസ് ഉൾപ്പെടെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും എഞ്ചിനീയറിംഗ് ഉൾപ്പെടെ ഉപരിപഠനത്തിനുള്ള പരീക്ഷകളിൽ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും പരിപാടികളുണ്ടോ; | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയുടെ ഭാഗമായി സിവിൽ സർവ്വീസ് പരീക്ഷ, മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് കൈവരിക്കാനായ പ്രവർത്തന നേട്ടം വിശദമാക്കുമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കൈവരിച്ച പ്രവർത്തന നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. വായ്പാ വിതരണത്തിൽ ചരിത്ര നേട്ടം

1995 -ൽ പ്രവർത്തനം ആരംഭിച്ചത് മുതൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുന്നത് വരെ കോർപ്പറേഷൻ വിതരണം ചെയ്ത ആകെ വായ്പ 2045 കോടി രൂപയായിരുന്നു. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള 5 വർഷം കൊണ്ട് മാത്രം 2331 കോടി രൂപയുടെ വായ്പ വിതരണം ചെയ്യുന്നതിന് സാധിച്ചു. കോർപ്പറേഷൻ ആരംഭിച്ചത് മുതലുള്ള 25 വർഷം കൊണ്ട് ആകെ വിതരണം ചെയ്യുന്നതിന് സാധിച്ചു. കോർപ്പറേഷൻ ആരംഭിച്ചത് മുതലുള്ള 25 വർഷം കൊണ്ട് ആകെ വിതരണം ചെയ്ത വായ്പയുടെ 53.3% -വും വിതരണം ചെയ്തിരിക്കുന്നത് ഇക്കഴിഞ്ഞ 5 വർഷത്തിനകമാണ്. കേരളത്തെ ഗ്രസിച്ച മഹാപ്രളയവും, കോവിഡ് 19 മഹാമാരിയും, ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷനിൽ നിന്നുള്ള ഫണ്ട് ലഭ്യതയിൽ വന്ന അപ്രതീക്ഷിത പ്രതിസന്ധിയും അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്.

## 2. ഗുണഭോക്തൃ സൗഹൃദ പരിഷ്കാര നടപടികൾ

നാമമാത്ര ചെറുകിട സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിലും കോർപ്പറേഷന്റെ വായ്പ കൂടുതൽ പ്രാപ്തമാക്കുന്നതിന് വേണ്ടി 3 ലക്ഷം രൂപ വരെയുള്ള സ്വയം തൊഴിൽ വായ്പ ഒറ്റ ഗഡുവായി ഗുണഭോക്താവിന് തന്നെ നൽകുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കുകയും, മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണം ഊർജ്ജിതമാക്കുന്നതിന് വിഘാതമാകാതിരിക്കാൻ വേണ്ടി സമ്പൂർണ്ണ ഓൺലൈൻ വായ്പാ സംവിധാനം ഏർപ്പെടുത്തുകയും, കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാന പരിധി 1,20,000/- രൂപയിൽ നിന്ന് 3,00,000/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

## 3. പുതിയ വായ്പാ പദ്ധതികൾ

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഗുണഭോക്താക്കൾക്ക് ഏറെ പ്രയോജനകരമായ 4 പുതിയ വായ്പാ പദ്ധതികൾ ആരംഭിച്ചു. ദേശീയ ഏജൻസികളുടെ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ കേരള സർക്കാരിന്റെ സബ്സിഡി ആനുകൂല്യം ലഭ്യമാകുന്ന പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് പ്രവാസികൾക്ക് വേണ്ടി റി-ടേൺ വായ്പാ പദ്ധതി, ഒ.ബി.സി. പ്രൊഫഷണലുകൾക്ക് വേണ്ടി സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി, താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് നാമമാത്ര / ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായകമായി റീ-ലൈഫ് വായ്പാ പദ്ധതി എന്നിവ ആരംഭിച്ചു. ഇതിന് പുറമേ ഭവന രഹിതരായ ഒ.ബി.സി. വിഭാഗ കുടുംബങ്ങൾക്ക് വേണ്ടി എന്റെ വീട് എന്ന ഭവന നിർമ്മാണ വായ്പാ പദ്ധതിയും ആവിഷ്കരിച്ചു.

## 4. പ്രവർത്തന മേഖലയുടെ വിപുലീകരണം

ശുചീകരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വായ്പാ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) പദ്ധതി നിർവ്വഹണ ഏജൻസി എന്ന നിലയിൽ കൂടി ഈ കാലയളവിൽ കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചു. തൻനിമിത്തം ആ ഏജൻസിയുടെ സഹായത്തോടെ 159.36 കോടി രൂപയുടെ വായ്പാ പദ്ധതികൾ കുടുംബശ്രീ സി.ഡി.എസ് -കൾ മുഖേന നടപ്പിലാക്കുന്നതിന് സാധിച്ചു.

## 5. പുതിയ ഓഫീസുകൾ ആരംഭിച്ചു

കോർപ്പറേഷന് നിലവിലുണ്ടായിരുന്ന 14 ജില്ലാ ഓഫീസുകൾക്കും 6 ഉപജില്ലാ ഓഫീസുകൾക്കും പുറമേ 14 പുതിയ ഉപജില്ലാ ഓഫീസുകൾ കൂടി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അനുവദിക്കുകയും, 40 അനുബന്ധ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. പുതിയതായി അനുവദിച്ച എല്ലാ ഉപജില്ലാ ഓഫീസുകളും ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 6. പ്രവർത്തന മികവിന് പുരസ്കാരങ്ങൾ

- പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത, ഗുണഭോക്താക്കളിൽ നിന്നുള്ള ഉയർന്ന തിരിച്ചടവ്, സമയബന്ധിതമായ വാർഷിക കണക്കുകളുടെ പൂർത്തീകരണം തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഇന്ത്യയിലെ മുഴുവൻ പദ്ധതി നിർവ്വഹണ ഏജൻസികളുടേയും പ്രവർത്തനം വിലയിരുത്തിയ ശേഷം ഏറ്റവും മികച്ച ഏജൻസികൾക്കുള്ള മൂന്ന് ദേശീയ പുരസ്കാരങ്ങൾ ടി കാലയളവിൽ കോർപ്പറേഷൻ കൈവരിച്ചിട്ടുണ്ട്. ഇതിന് പുറമേ പ്രവർത്തന മികവും സാമൂഹിക പ്രതിബദ്ധതയും കണക്കിലെടുത്ത് Future Kerala Brands Awards 2018 - **"Most Responsible Social Brand in Kerala"** അവാർഡും കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

- ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ അവലോകന റിപ്പോർട്ടിൽ പ്രവർത്തന മികവ് ആധാരമാക്കി കേരളത്തിലെ ഏറ്റവും മികച്ച 10 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്നതിന് ഈ കാലയളവിലെ പ്രവർത്തന മികവ് നിമിത്തം കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. 2020 – 21 സാമ്പത്തിക വർഷത്തെ റിപ്പോർട്ടിൽ ആദ്യ 5 പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

11/08/21